**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 535** **11-06-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികളുള്ള കേന്ദ്ര സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതിയിൽ കേന്ദ്ര സഹായം ലഭിക്കുന്ന ഗുണഭോക്തക്കളുടെ എണ്ണം ഇനം തിരിച്ച് ലഭ്യമാക്കുമോ; | (എ) | **സംസ്ഥാനത്ത് വിതരണം ചെയ്യുന്ന വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകളിൽ ഉൾപ്പെടുന്ന ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നീ മൂന്നിനം സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കാണ് കേന്ദ്രസഹായം ലഭിക്കുന്നത്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.**<br><br>**അനുബന്ധം 1** |

| **പെൻഷൻ ഇനം** | **പെൻഷൻ ഉപ വിഭാഗം** | **പ്രതിമാസ സംസ്ഥാന വിഹിതം (രൂപ)** | **പ്രതിമാസ കേന്ദ്ര വിഹിതം (രൂപ)** | **കേന്ദ്ര വിഹിതം ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം** |
|---|---|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | പ്രായം 60 മുതൽ 79 വയസ്സ വരെ | 1400 | 200 | 342032 |
| | പ്രായം 80 വയസ്സും അതിനു മുകളിലും | 1100 | 500 | 116781 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | അംഗ പരിമിതി 80% ഉം അതിനു മുകളിലും (18 വയസ്സ മുതൽ ) | 1300 | 300 | 66928 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 40 വയസ്സും അതിനു മുകളിലും | 1300 | 300 | 320715 |
| കർഷക തൊഴിലാളി പെൻഷൻ | | 1600 | 0 | 0 |
| 50 വയസ്സ കഴിഞ്ഞ | | 1600 | 0 | 0 |

| | | | |
|---|---|---|---|
| | | | അവിവാഹിത പെൻഷൻ |
| (ബി) | കേന്ദ്ര വിഹിതം കുടിശ്ശികയില്ലാതെ വിതരണം ചെയ്തു വരുന്നുണ്ടോ; ഇല്ലെങ്കിൽ എത്ര മാസത്തെ കുടിശ്ശികയുണ്ട്; | (ബി) | 2024 മെയ് മാസം വരെ അനുവദിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാർ തന്നെ ഇതിനോടകം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2023 ജൂൺ മാസം വരെയുള്ള കേന്ദ്ര വിഹിതം മാത്രമേ നിലവിൽ സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ളൂ. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. നിലവിൽ കേന്ദ്രവിഹിതം യഥാസമയം ലഭിക്കാത്തതു മൂലം ആയത് കണ്ടെത്തുന്നതിനുള്ള അധിക ബാധ്യതയും സംസ്ഥാന സർക്കാരിനാണ്. സംസ്ഥാന വിഹിതം അനുവദിക്കുന്നതോടൊപ്പം തന്നെ കേന്ദ്രവിഹിതവും സംസ്ഥാന സർക്കാർ അനുവദിച്ച് വിതരണം നടത്തി വരുന്നു. |
| (സി) | കേന്ദ്ര വിഹിതത്തിലെ കുടിശ്ശിക കൂടി സംസ്ഥാന സർക്കാർ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | 2024 മെയ് മാസം വരെ അനുവദിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ കേന്ദ്ര വിഹിതവും സംസ്ഥാന സർക്കാർ തന്നെ ഇതിനോടകം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. 2023 ജൂൺ മാസം വരെയുള്ള കേന്ദ്ര വിഹിതം മാത്രമേ നിലവിൽ സംസ്ഥാനത്തിന് ലഭ്യമായിട്ടുള്ളൂ. കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിനുള്ള അശ്രാന്ത പരിശ്രമമാണ് സർക്കാർ നടത്തുന്നത്. നിലവിൽ കേന്ദ്രവിഹിതം യഥാസമയം ലഭിക്കാത്തതു മൂലം ആയത് കണ്ടെത്തുന്നതിനുള്ള അധിക ബാധ്യതയും സംസ്ഥാന സർക്കാരിനാണ്. സംസ്ഥാന വിഹിതം അനുവദിക്കുന്നതോടൊപ്പം തന്നെ കേന്ദ്രവിഹിതവും സംസ്ഥാന സർക്കാർ അനുവദിച്ച് വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ